

# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol. 16 No.11 Newsletter January 2019



ഒരു അനർത്ഥവും നിനക്ക് ഭവിക്കയില്ല; ഒരു ബാധയും
നിന്റെ കൂടാരത്തിന് അടുക്കയില്ല.

സങ്കീർത്തനം 91:10

# മഹായിടവക സ്ത്രീജനസഖ്യം കലോത്സവം - 2018



സംഘഗാനം
1st Prize Grade - D



സംഘഗാനം
1st Prize Grade - C



ലളിതഗാനം -1st Prize
Grade - D. വിമല അലക്സ്



പ്രസംഗം -1st Prize
Grade - C. ചെല്ല ഫ്ളോറി റ്റി.



ലളിതഗാനം -1st Prize
Grade - C. വിമല വിജയൻ



*Glimpses of Christmas Tree & Manger Competetions on 23rd December -2018- Combined Christmas Celebrations*







# CHURCH VOICE

17th year of publication

JANUARY 2019

EDITORIAL BOARD

CHIEF EDITOR

Rev. D. Jacob

CONVENOR
Literary Board & Editor

D. S. Valsa

Rev. Y. Vijayadas
Rev. Rohan P.
Rev. N.L. Praveen Raj
Manoj Kumar Ebenezer
(Sub Editor)
Dr. Thampi Samraj Y. C.
Stanley Wilson
Dr. Samson Nessiah
Dr. Sajitha Sanjeev



ADDRESS

The Chief Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles/Feedback may be sent to

churchvoice@gmail.com
before 15th of every month


Church Voice can be read online at our website

www.mateermemorialchurch.com


PRINTED AT

GRACE PRINTERS
Muttada Ph: 2540523


## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| Week days | Morning Worship (Monday to Saturday) | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.30 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparatory Service (eve of first Sunday) | 05.45 p.m |
| | Fasting Prayer (Second Saturday) | 10.00 a.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. D. Jacob (President) | 2724658 | 9447886139 |
| Rev. Y. Vijayadas (Presbyter) | 2316544 | 9496369672 |
| Rev. N. L. Praveen Raj (Presbyter) | 2316644 | 8547113982 |
| Rev. Rohan P. (Presbyter) | | 9895369500 |
| Dr. Thampi Sam Raj Y. C. (Church Secretary) | | 9496440463 |
| Mr. Stanley Wilson (Church Accountant) | | 9447744777 |
| Dr. Samson Nessiah | | 9447126931 |
| Mr. Premchand Johnson | | 9447118118 |
| Mr. Padma Kumar L. J. | | 9895393794 |
| Er. Joshua A. | | 9447388607 |
| Dr. Sugunan V. S. | | 9446551854 |
| Er. Ceragil Austin Prince | | 9037819570 |
| Mr. Peter Chellaiah | | 9400330003 |
| Mrs. Valsa D. S. | | 9744088183 |
| Mrs. Grisilda Wills | | 9995236650 |
| Mr. Jobin B. David | | 8891412585 |
| Mr. Jayakumar Alfred T. | | 9895110652 |
| **Church Office** | **2311347** | |
| Mr. M. Sathia Raj (Manager) | | 9446341682 |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |

## From the Presbyter's desk



മനസലിയുന്ന സ്നേഹവും സൗഖ്യവും പാപക്ഷമയും നല്കി യേശു ശുശ്രൂഷ അർപ്പിച്ചു. ഒരു പക്ഷവാതക്കാരനെ ചുമന്ന് യേശുവിന്റെ അരികിലെത്തിക്കുന്നതാണ് സന്ദർഭം. (മർക്കൊ. 2:1-12). കഫർന്നഹൂമിലെ വീട് ആരുടേതായാലും നമ്മുടെ ശ്രദ്ധ ആകർഷിക്കുന്നു. ദാഹാർത്ഥരായ ജനത്തിന് ദൈവവചനം ശ്രവിക്കാൻ വീടിന്റെ വാതിലുകൾ വിശാലമായി തുറക്കപ്പെട്ടിരുന്നു. തുറക്കപ്പെട്ട ഭവനങ്ങളിൽ ദൈവം വസിക്കുന്നു എന്ന് ഖലിൽ ജിബ്രാൻ. യേശുവിന്റെ പ്രഭാഷണത്തിനിടയിൽ വീടിന്റെ മേൽക്കൂര പൊളിച്ച് നാലാളുകൾ പക്ഷവാതക്കാരനെ കിടക്കയോടെ ഇറക്കിവച്ചു. വീടിന്റെ മേൽക്കൂര പൊളിക്കാൻ സ്വമനസാലെ അനുവദിച്ച വീട്ടുടയവൻ പ്രശംസ അർഹിക്കുന്നു. നാലാളുകളുടെ വിശ്വാസം കണ്ടിട്ട് യേശു പക്ഷവാതക്കാരനെ സൗഖ്യമാക്കുന്നു. ദൈവത്തിന് മഹത്വം കരേറ്റാൻ അതു കാരണമായി.

ശാരീരികവും മാനസികവും സാമൂഹ്യവും ആത്മീയവുമായ സമ്പൂർണ്ണ സുസ്ഥിതിയാണ് ആരോഗ്യം. അത് രോഗവും ബലക്ഷയം ഇല്ലാത്ത അവസ്ഥയല്ല. ഒരു വ്യക്തിയുടെ ശരീരത്തിലെ ആന്തരിക പരിസ്ഥിതിയും അവന്റെ ബാഹ്യപരിസ്ഥിതിയും തമ്മിലുള്ള പരിപൂർണ്ണ ഏകാതാനത (Harmony) ആണ് ആരോഗ്യം. അത്യുഷ്ണം, രോഗാണുക്കളുടെ ആക്രമണം മുതലായ ബാഹ്യപരിസ്ഥിതി മനുഷ്യന്റെമേൽ നിർണ്ണായക സ്വാധീനം ചെലുത്താം. പക്ഷവാതക്കാരന്റെ രോഗകാരണം അവന്റെ പാപങ്ങളാണെന്ന് മനസിലാക്കിയ ക്രിസ്തു അവന്റെ ആന്തരിക പരിസ്ഥിതിയെ സൗഖ്യമാക്കുന്നു. അതിനാൽ അവൻ സ്വതന്ത്രനായി, പൂർണ്ണനായി, ജീവിതത്തിൽ പ്രത്യാശയും ആത്മാഭിമാനവും ഉള്ളവനായി.

യേശു പാപക്ഷമ പ്രഖ്യാപിച്ചു. മകനേ, നിന്റെ പാപം മോചിച്ചു തന്നിരിക്കുന്നു. അത് കുറ്റബോധത്തിൽ നിന്നുള്ള മോചനമാണ്. കുറ്റക്കാരനെ ദൈവം നിരപരാധി എന്ന് പ്രഖ്യാപിക്കുന്നത്രെ. പാപമോചനം രോഗസൗഖ്യത്തിന് കാരണമായി. പാപമോചനവും രോഗസൗഖ്യവും തമ്മിൽ പിരിക്കാൻ കഴിയുകയില്ല എന്ന് വ്യക്തം. പൂർണ്ണതയിലേക്കുള്ള പ്രയാണത്തിൽ മനുഷ്യന് പാപക്ഷമ അനിവാര്യം. പാപക്ഷമ എന്നത് യേശുവിന്റെ ശുശ്രൂഷയുടെ ഭാഗമാകുമ്പോൾ ശാസ്ത്രിമാർ വിയോജനകുറിപ്പ് രേഖപ്പെടുത്തുന്നത് കാണാം. ദൈവത്തോടും മനുഷ്യനോടും കുടുംബത്തോടും ഒരു മനുഷ്യനെ നിരപ്പിക്കാൻ പാപക്ഷമ കൂടിയേതീരു. യേശു പക്ഷവാതക്കാരനെ മകനെ എന്ന് സംബോധന ചെയ്ത് അവന്റെ പാപങ്ങൾ ക്ഷമിക്കുന്നതിലൂടെ പുതിയ ബന്ധം സ്ഥാപിക്കപ്പെടുകയാണ്. ബലഹീനർക്ക് ഒരിക്കലും ക്ഷമിക്കാനാവില്ല. ക്ഷമ ശക്തന്റെ സവിശേഷതയാണ് എന്ന് മഹാത്മാഗാന്ധി.

യേശുവിന്റെ ശുശ്രൂഷ മനസലിവിന്റേതാണ്. മുറിവേറ്റിടത്ത് പോകാനും, വേദനയുള്ളിടത്ത് പ്രവേശിക്കാനും, തകർച്ച, ഭയം, ആശയകുഴപ്പം എന്നിവ പങ്കു വയ്ക്കാനും മനസലിവ് നിർബന്ധിക്കുന്നു. ബലഹീനരോടും കരയുന്നവരോടും ശക്തിഹീനരോടും താദാത്മ്യപ്പെടാൻ മനസലിവ് ആവശ്യപ്പെടുന്നു. ജീവിതത്തിലെ തെറ്റുകളെ മായിച്ചുകളയാനും മനുഷ്യത്വത്തിന്റെ പൂർണത കൈവരുത്താനും മനസലിവ് സഹായിക്കുന്നു. “നിങ്ങളുടെ പിതാവ് മനസലിവുള്ളവനാകുന്നതുപോലെ നിങ്ങളും മനസലിവുള്ളവർ ആകുവിൻ” (ലൂക്കൊ. 6:36). എന്നാണ് ഗുരുമൊഴി.

യേശു വിശപ്പിലാണ് ശുശ്രൂഷ ആരംഭിച്ചത്. എന്നിട്ടും അവൻ ജീവന്റെ അപ്പമാണ്. അവൻ ശുശ്രൂഷ അവസാനിപ്പിച്ചത് ദാഹത്തിലാണ്, എന്നിട്ടും അവൻ ജീവന്റെ ജലമാണ്. യേശു ക്ഷീണിതനായിരുന്നു, എന്നിട്ടും അവൻ നമ്മുടെ ആശ്വാസമാണ്. യേശു കരഞ്ഞു, എന്നിട്ടും അവൻ നമ്മുടെ ക്ണ്ണീരൊപ്പുന്നു. ഈ മഹത്തരമായ ശുശ്രൂഷ നിറവേറ്റാൻ പുതുവർഷത്തിലുടനീളം ദൈവം നമ്മെ സഹായിക്കട്ടെ.

സമൃദ്ധമായ ദൈവകൃപയുടെ പുതുവർഷം ആശംസിക്കുന്നു.

സ്നേഹത്തോടെ,
ജേക്കബച്ചൻ

---



# പ്രതിവാര ധ്യാനം

**ജനുവരി 01 ഉടമ്പടി ദിനം**

വിഷയം: **സമർപ്പിത പങ്കാളിത്തത്തിനായുള്ള ദൈവവിളി**

ആവർ. 10:12–22, 1 തെസ്സ. 4:1–8, സങ്കീ 23, മർക്കൊ. 10:35–45

**ജനുവരി 06 വെളിപ്പാട് പെരുന്നാൾ**

വിഷയം: **രക്ഷയ്ക്കായുള്ള വെളിപ്പാട്**

പുറ. 3:1–14, അപ്പൊ. 16:6–10, സങ്കീ. 27, യോഹ. 12:20–32

**ജനുവരി 13 ഞായർ**

വിഷയം: **വിശുദ്ധരാകുവിൻ**

ആവർ. 7:1–11, എഫെ. 5:18–20, സങ്കീ. 5, യോഹ. 17:13–17

**ജനുവരി 20**

വിഷയം: **ഒരു ശരീരവും ഒരു സ്നാനവും**

ആമോസ് 9:5–12, എഫെ. 4:1–6, സങ്കീ. 115, മത്തായി 16:13–20

**ജനുവരി 27 സഭൈക്യ ഞായർ**

വിഷയം: **സ്നേഹത്തിൽ ഐക്യപ്പെട്ടത്**

ആവർ. 4:1–10, 1 കൊരി. 1:10–18, സങ്കീ. 30, യോഹ. 5:11–17

## എഡിറ്റോറിയൽ

# "യഹോവയിൽ തന്നെ രസിച്ചുകൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും" (സങ്കീ. 37:4)

**ഒ**രിക്കൽ മുഷിഞ്ഞ വസ്ത്രവും ചുളിവുകൾ നിറഞ്ഞ മുഖവും, ദാരിദ്ര്യം വിളിച്ചോതുന്ന ശരീരവുമായി ഒരമ്മ കടയുടെ മുൻഭാഗത്തു വന്നു. കടയുടമയോട് എന്റെ ഭർത്താവ് രോഗിയാണ് ഏഴു മക്കളുണ്ട്, കഠിനജോലികൾ ചെയ്യുവാൻ എനിക്ക് കഴിയുന്നില്ല. ആയതിനാൽ എന്തെങ്കിലും സഹായിക്കണം എന്നാവശ്യവുമായി വന്നു. കടയുടമ ആ മാതാവിനോട് ദേഷ്യപ്പെടുകയും മാറിനില്ക്കാൻ ആവശ്യപ്പെടുകയും ചെയ്തു. കുടുംബത്തിന്റെ ദീനമായ അവസ്ഥ അവളെ യാചിക്കാൻ നിർബന്ധിതയാക്കി. "സർ, ഞാൻ വളരെ വേഗം ധനം തന്നുകൊള്ളാം. എന്നെ സഹായിച്ചാലും" കടയുടമയുടെ മനസലിഞ്ഞില്ല. എന്നാൽ ഈ സംഭാഷണം കേട്ട മറ്റൊരു മനുഷ്യൻ കടയുമയോട് "ആ പാവം സ്ത്രീയെ സഹായിക്കൂ, ദൈവം നിങ്ങളെ അനുഗ്രഹിക്കും." എന്നു പറഞ്ഞു. എന്നിട്ടും ക്രൂരനായ കടയുടമയുടെ മനസലിഞ്ഞില്ല. പക്ഷെ, അവിടെ കടന്നുവന്ന മനുഷ്യൻ സാധനങ്ങളുടെ വില നല്കാം എന്ന് ഉറപ്പു നല്കിയപ്പോൾ കടയുടമ സ്ത്രീയോടു സാധനങ്ങളുടെ ലിസ്റ്റ് ആവശ്യപ്പെട്ടു. അവൾ ഒരു നിമിഷം സകലതും മറന്നു നിന്നു. അവൾ ഓടിപ്പോയി തന്റെ പേഴ്സ് തുറന്നു പേപ്പറിൽ എന്തൊക്കെയോ എഴുതി. കടയുടമ പറഞ്ഞപ്രകാരം ആ പേപ്പർ ത്രാസിന്റെ ഒരു തട്ടിൽ വച്ചു. അപ്പോൾ പരിഹാസരൂപത്തിൽ കടയുടമ പറഞ്ഞു. "ആ ലിസ്റ്റിന്റെ ഭാരം അനുസരിച്ച് സാധനങ്ങൾ തരാം". ത്രാസിന്റെ മറ്റേതട്ടിലേക്ക് സാധനങ്ങൾ ഒന്നൊന്നായി വച്ചു. ത്രാസിന്റെ സൂചി അനങ്ങുന്നില്ല. കടയുടമ ത്രാസ് പരിശോധിച്ചു, ത്രാസിന് വീഴ്ചയൊന്നും സംഭവിച്ചിട്ടില്ല. ത്രാസിൽ കൊള്ളാവുന്നതിൽ അധികം സാധനം നിറച്ചു വച്ചു. കടയുടമയ്ക്കും സഹായിയായി വന്ന മനുഷ്യനും അതിശയമായി. മാതാവ് ത്രാസിൽ വച്ച കടലാസുകഷണം അവർ പരിശോധിച്ചു. കണ്ണുകളെ വിശ്വസിക്കാനായില്ല. "സ്നേഹമുള്ള പിതാവേ, എന്നെ അങ്ങ് അറിയുന്നു, എന്റെ ആവശ്യങ്ങൾ എല്ലാം അങ്ങ് അറിയുന്നു. ഇതാ, എല്ലാം അങ്ങയുടെ കരങ്ങളിൽ ഞാൻ തരുന്നു'' കടയുടമയുടെ കണ്ണിൽ നിന്നും, കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു. മാതാവിന്റെ വലിയ വിശ്വാസം കടയുടമയുടേയും കൂട്ടരുടേയും വിശ്വാസം മാറ്റിമറിച്ചു. ആ ത്രാസിൽ ഉണ്ടായിരുന്ന സാധനങ്ങൾ അവൾക്ക് ആവശ്യമായതിലും അധികമായിരുന്നു.

സകലതും ദൈവത്തിൽ സമർപ്പിച്ച വിശ്വാസം ഇന്നും നമുക്ക് അനുകരിക്കാൻ പറ്റിയതാണ്.

ജീവിതത്തിൽ ഉടനീളം വിവിധ ഭാരങ്ങൾ നാം വഹിക്കേണ്ടി വരും. ചിലത് കുടുംബജീവിതവുമായി ബന്ധപ്പെട്ടതാകാം. മറ്റ് ചിലത് സാമ്പത്തികമാകാം. ചിലപ്പോൾ അനിശ്ചിതമായ ഭാവി ഓർത്തിട്ടാകാം. ദാവീദു പറഞ്ഞ പ്രകാരം

**1. യഹോവയിൽ രസിക്കുന്ന ഹൃദയമാണ് നമുക്ക് ആവശ്യം** അതിനായി ദൈവം നമ്മുടെ ജീവിത്തിന്റെ പ്രഥമ സ്ഥാനത്ത് വരണം. ദൈവഹിതമല്ലാത്ത ഒരാഗ്രഹവും നവമ്മുടെ ഹൃദയത്തിൽ വരില്ല. ഭാരങ്ങൾ നാം തന്നെ ചുമന്നാൽ നാം തകർന്നുപോകും. ഏതുഭാരവും ഇറക്കിവയ്ക്കാൻ വിശ്വസ്തനായ ഒരു ചുമടു താങ്ങിയാണ് യേശുകർത്താവ്. 1 പത്രൊ. 5:7 പറയുന്നു. "സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ" അപ്പോൾ നമ്മുടെ ഭാരങ്ങൾ ദൈവത്തിന്റേതായി മാറും.

**2. അവനിൽതന്നെ ആശ്രയിക്ക** (സങ്കീ. 7:5). ആശ്രയിക്കാൻ പറ്റിയ ഒരു പാറയാണ് നമുക്കുള്ളത്. മനുഷ്യമനസ്സു മാറും. എന്നാൽ മാറാത്ത പാറയാണ് നമുക്കുള്ളത്. മനുഷ്യമനസ്സ് മാറും. എന്നാൽ മാറാത്ത പാറയായ ക്രിസ്തുവിൽ നമുക്ക് ആശ്രയിക്കാം.

ഹൃദയത്തിലെ ആഗ്രഹങ്ങളെ നല്കാൻ തക്കവണ്ണം യഹോവയിൽ നമുക്ക് രസിക്കാം. ഈ പുതിയ വർഷം നമുക്കാവശ്യമായ നന്മകൾ, ഹൃദയത്തിലെ ആഗ്രഹങ്ങൾ, കഥയിലെ മാതാവ് സമർപ്പിച്ചതുപോലെ ദൈവകരങ്ങളിൽ സമർപ്പിക്കാം. **"നിന്റെ ഭാരം യഹോവയുടെ മേൽ വച്ചുകൊൾക"** എന്ന വാക്യപ്രകാരം ഭാരങ്ങളെ സമർപ്പിച്ച് യഹോവയിൽ രസിച്ച് സന്തോഷവും സമാധാനവും നിറഞ്ഞ പുതിയവർഷത്തിനായി കാത്തിരിക്കാം. നന്മകൾ നിറഞ്ഞ ഒരു വർഷം ആശംസിക്കുന്നു.

**വത്സ ഡി. എസ്.**

## Ward Allocation of Pastor's for the year 2019

| | |
|---|---|
| Rev. D. Jacob | : Charachira, Vazhuthacaud, Ulloor |
| Rev. Y. Vijayadas | : Kowdiar, Ambalamukku, Muttada |
| Rev. Praveen Raj | : Nanthencode, Pattom, Edappazhinji |
| Rev. Rohan P | : LMS, Palayam, Statue, Thycaud |

## Presbyters in-charge of Suborganisations for the year 2019

| | |
|---|---|
| Rev. D. Jacob | : Men's Fellowship, Women's Fellowship |
| Rev. Y. Vijayadas | : YFF, CEYF |
| Rev. Praveen Raj | : Sunday School, BCL, JCF |
| Rev. Rohan P. | : SCF, Choir |

## Secretary's Report



Dear friends in Christ,

**Greetings in the precious name of our Lord and Saviour Jesus Christ.**

Sunday school, CEYF, JCF and BCL union

Each and every member of our Church passionately desires that the children of our Church need to be pruned to become true Christians. This is possible only if the children are provided with ample opportunities to learn the word of God by studying the Bible in the Sunday school as well as to involve in the activities held in Christian values by the sub organisations of our Church. It may be noted that all the activities of these sub organisations are closely monitored and guided by our Presbyters and therefore the opportunities extended by our organisation are really beneficial to our children for moulding their career in Christian principles. Therefore we sincerely exhort all the parents of our Church to ensure that their children should attend the Sunday school and also actively participate in CEYF/JCF/BCL union in this New Year 2019.

By the grace of God we could conduct the 112th year Church dedication day, Annual Harvest festival, Carol rounds, distribution of Christmas kit and cloth for the poor and needy, Combined Christmas celebration, Gnanabharanam Memorial Sports and Christmas tree during December 2018.

**1. 112th Church dedication day**

112th Church dedication day worship service was held on Sunday 2nd December 2018. Sri.Jiji Thomson IAS (Retd.), former Chief Secretary of Govt. of Kerala was the chief guest. During the Church dedication day several of our children and others were honoured by the church for their outstanding performance/achievements in their respective fields. The worship service was followed by a love feast.

**2. Carol Rounds**

The Carol rounds were successfully conducted with the involvement of our church members, formed into four teams of carol singers. The teams visited the houses of our members from 1st December 2018 to 21st December 2018. Sri.Jayakumar Alfred trained the teams and each team had a musical leader. All the other arrangements were made by the General Conveners Er.Joshy Das and Adv.Sarjine Thomas. The teams were received by our church members with love and best hospitality.

**3. Annual Harvest festival**

The Annual Harvest festival 2018, conducted on 8th and 9th December 2018 was a great success. The members of the church whole heartedly participated in the event. All the sub organisations actively involved in making the event a memorable one. The Annual Harvest festival conveners Dr.Arthur Jacob and team toiled day and

night for conducting this event to reach the envisaged targeted amount to be earmarked for renovation of TJM hall. Already Rs.14 lakhs have been received and the final figure will be ready shortly. The event was inaugurated by Er.Nina Jesukumar offering the highest bid of Rs.1 lakh. The 2nd highest bidder was Mr.Shaji C offering Rs.50,000/- and the third highest bid was Adv.Sarjine Thomas offering Rs.25000/-. Let us all thank God for the wonderful festival that we could celebrate this year.

**4. Distribution of Christmas kit and cloth**

On Saturday 22nd December 2018 Christmas kit and cloth were distributed to 270 poor persons. Besides cloth for the Christmas dress was given to the inmates of Wills Boarding home for poor children at LMS compound.

**5. Gnanabharanam memorial sports**

Gnanabharanam sports for our children and veterans was conducted on 24th December 2018.

**6. Christmas tree**

Christmas tree was held on 25th December 2018 at 3pm and prizes were distributed to winners of the Gnanabharanam memorial sports and complimentary Christmas prizes for all who attended the function.

The combined Christmas celebration was organised on 23rd December 2018. The celebration was inaugurated by Sri.Shashi Tharoor, Hon. Member of Parliament Thiruvananthapuram. Adv. V K Prasanth the Mayor of Corporation of Thiruvananthapuram was the chief guest. Felicitation addresses were delivered by Sri.Palayam Rajan councillor and Dr.Rosebist, Secretary South Kerala Diocese. Varieties of Christian cultural programme were presented by the sub organisations and individual members. 'Father's love' a dramatic presentation directed by Er.Ceragil Austin Prince with the support of all the sub organisations was impressive. Sri.Rajesh Kumar Praseedom the convener of the combined Christmas celebration took sincere interest to make this celebration a grand one.

Christmas tree and Manger competitions were held on the same day very successfully under the convenership of Sri.Jyothi Sathyanesh with the participation of several members.

**8. Christmas eve and Christmas carol by M M Church choir**

Christmas eve service was held on 24th December at 6:30 pm. Prof.(Dr.)Jancy James, former Vice Chancellor, M G university and founder Vice Chancellor, Central university of Kerala delivered the Christmas eve message. The Church choir has conducted Christmas carol immediately after the service.

**9. Church Committee Meeting**

In December, regular Church Committee meeting was held on 16th December 2018 Sunday.

**10. Accounts for the month of December 2018**

The receipts and payments for the month of December 2018 is published at page nos. 22 to 27 of this issue.

**11. Baptism**

The following children were baptised at our Church on 25th December 2018.

| Slno. | Name of child | Parents | Family no. |
|---|---|---|---|
| 1 | Danielle Titus | Lt.Col.Rohit B S Titus & Mrs.Rita Titus | 1881 |
| 2 | Cledwyn John J | Mr.John Runcie S & Mrs. Merisha Cordiliya D | 2035 |
| 3 | Iren Eby Samji | Mr.Eby Samji & Mrs. Ancy Franklin | 2122 |
| 4 | Rejoy Raj | Mr.Rajan L & Mrs.Sabeena Joseph | 1115 |
| 5 | Meadow Reen Irvin | Mr.Irvin J Anto and Reena M M | 2051 |
| 6 | Joann Sarah Giju | Mr.Gijumon Chellappan & Mrs.Beena Giju | 1882 |
| 7 | Eleyn Rose David | Mr.Lijin David & Mrs.Neenu George | 2192 |

**12. Anniversaries**

15th anniversary of SCF was held on 27th December 2018 at M M Church at 4pm. Sri.Pramod, Asst. Police Commissioner Thiruvananthapuram city was the chief guest. A directory of the SCF was released on the occasion.

Sunday school, Women's fellowship, Men's fellowship, YFF, JCF and BCL union had their anniversaries during this month.

**13. Marriages**

4 marriages were held at our church during the month. Our church member Dr.Cibi Samji, s/o Er. Ebanezer Samji, Family no.1745 was married to Er.Nikitha Snell on 26th December 2018. Congratulations!!!

The marriages which were solemnized on 3rd December 2018, 27th December 2018 belonged to members of other church.

**14. Obituary**

Mr. Benedict AEJ (Fno.1344) was called to eternal rest on 28.12.2018 and funereal was conducted on 29.12.2018 at MM Church Cemetery. Heartfelt condolences to the bereaved family.

**15. Birthday Greetings**

Church committee extends bright and blessed birthday to all our beloved members who celebrated birthday during the month of December 2018.

The Church committee take this opportunity to wish all the members of MM Church

A Blessed New year 2019

May God our father and the Lord Jesus Christ give you all grace and peace.

**Dr. Thampi Sam Raj Y C**

Church Secretary

# തമാശയല്ലീ ജീവിതം

റവ. അനിലാൽ എം. ജോസ്

**നി**ങ്ങളുടെ ജീവിതം മുഴുവൻ ഒരിക്കൽ കൂടി ജീവിക്കാൻ നിങ്ങൾക്ക് അവസരം ലഭിച്ചാൽ നിങ്ങൾ വ്യത്യസ്ഥമായി ചെയ്യാൻ ഇഷ്ടപ്പെടുന്നത് എന്തായിരിക്കും? അന്റോണിയോ കാംപൊല്ലോ എന്ന സാമൂഹിക ശാസ്ത്രജ്ഞൻ 95 വയസിനു മുകളിലുള്ള അമ്പതുപേരോടു ചേദിച്ച ചോദ്യമാണിത്. മൂന്ന് പ്രധാനപ്പെട്ട ഉത്തരങ്ങളാണ് അദ്ദേഹത്തിന് കൂടുതൽ വ്യക്തികളിൽ നിന്നും ലഭിച്ചത്. അവരുടെ ഉത്തരങ്ങൾ ഇങ്ങനെയായിരുന്നു. "കൂടുതൽ ധ്യാനിക്കും" (Reflect more) കൂടുതൽ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കും. (risk more) "എന്റെ മരണത്തിനുശേഷവും നിലനിൽക്കുന്ന കൂടുതൽ കാര്യങ്ങൾ ഞാൻ ചെയ്യും". (do more things that would live on after I am dead). ജീവിത സായാഹ്നത്തിലെ ഈ തിരിച്ചറിവുകളിൽ സമ്പത്തോ, സ്വത്തോ, സ്ഥാനമാനങ്ങളോ ഉൾപ്പെടുന്നില്ല എന്നത് വളരെ ശ്രദ്ധേയമാണ്. ഒരു പുതിയ വർഷത്തിന്റെ പടിവാതില്ക്കൽ ആയിരിക്കുന്ന നമ്മുടെ തീരുമാനങ്ങളും ആഗ്രഹങ്ങളും എന്തൊക്കെയാണ്? കഴിഞ്ഞ വർഷം നമുക്ക് നല്കിയ മോഹഭംഗങ്ങളും നിരാശകളും വേദനകളും നല്കിയ കയ്പും നീരസവുമാണോ നമ്മുടെ മനസ്സുകളിൽ മുൻതൂക്കം നേടിയിരിക്കുന്നത്? അതോ, അപ്രകാരമുള്ള അവസ്ഥകളുടെയും മദ്ധ്യേ നമ്മെ നയിച്ച ദൈവകൃപ യുടെയും  പരിപാലിച്ച ദൈവസാന്നിധ്യത്തിന്റെയും  നമ്മെ മുന്നോട്ടു നയിച്ച ദൈവിക പ്രത്യാശയുടെയും വെളിച്ചമാണോ നമുക്ക് വഴികാട്ടുന്നത്? ജീവിത ത്തിൽ ദൈവസാന്നിധ്യം തിരിച്ചറിഞ്ഞ വ്യക്തികളാണ് മുന്നോട്ടു പോകുവാ നുള്ള ആർജ്ജവം കാണിച്ചിട്ടുള്ളത്. പുതിയ വർഷം ദൈവാശ്രയത്തിന്റെയും ദൈവബോധത്തിന്റെയും ദിനങ്ങൾ നമ്മെ ധൈര്യപൂർവ്വം മുന്നോട്ടു പോകാൻ പ്രാപ്തമാക്കുന്നതാകണം. അംബ്രോസ് റെഡ്മൂണിന്റെ വാക്കുൾ ശ്രദ്ധേയ മാണ്. "ഭയത്തിന്റെ അസാന്നിദ്ധ്യമല്ല ധൈര്യം; പ്രത്യുത, ഭയത്തെക്കാൾ പ്രാധാ ന്യമുള്ള മറ്റു ചിലതുണ്ട് എന്ന വിലയിരുത്തലാണ്" ഇത്തരത്തിൽ ജീവിതത്തി ലുണ്ടാകേണ്ട ചില പ്രധാന മുൻഗണനകളാണ് ഇനിപ്പറയുന്നത്.

**1. ഇന്നുതന്നെ ജീവിച്ചു തുടങ്ങുക**

ജീവിച്ചു തുടങ്ങേണ്ടത് എന്നാണ്? ഈ ചോദ്യം വളരെ പ്രാധാന്യമേറി

യതാണ്. ഇപ്പോഴത്തെ അവസ്ഥകൾ മാറിയതിനുശേഷം ജീവിച്ചു തുങ്ങണം എന്നു ചിന്തിക്കുന്നവരുണ്ട്. മക്കളൊക്കെ വളരട്ടെ അതിനുശേഷം ജീവിക്കാം എന്ന് തീരുമാനിക്കുന്നവരുണ്ട്. ആവശ്യത്തിന് പണം സമ്പാദിച്ചതിനുശേഷ മാകാം എന്നു കരുതുന്നവരുണ്ട്. റിട്ടയർമെന്റിനുശേഷമാകാം ജീവിതമെന്ന് കരുതുന്നവരുണ്ട്. അങ്ങനെ ജീവിച്ചു തുടങ്ങാനുള്ള ശുഭ മുഹൂർത്തത്തിനായി കാത്തിരിക്കുന്നവർക്കുള്ള മറുപടിയാണ് പൗലൊസ് കൊരിന്ത്യ സഭയോടു പറയുന്നത്: "ഇപ്പോൾ ആകുന്നു സുപ്രസാദകാലം; ഇപ്പോൾ ആകുന്നു രക്ഷാ ദിവസം" (2 കൊരി 6:26). ഈ നിമിഷം തന്നെയാണ് ഏറ്റവും ശ്രേഷ്ഠമായതെന്ന തിരിച്ചറിവാണ് നമ്മെ ജീവിപ്പിക്കുന്നത്. സകലരും ചുറ്റുംനിന്ന് കർത്താവിനെ കാഴ്ചയിൽ നിന്നു മറച്ചപ്പോൾ സഖായിയുടെ മനോഭാവം ശ്രദ്ധിക്കുക. അവൻ മുമ്പോട്ട് ഓടി കാട്ടത്തിയുടെ മുകളിൽ കയറി. (ലൂക്കൊ. 19:1-10). നിരാശാ ജനകമായ സാഹചര്യങ്ങൾ നമ്മെ തളർത്താരിക്കണമെങ്കിൽ മുന്നിലേക്ക് ഓടു വാനും ഉയരത്തിലേക്ക് എത്തുവാനുമുള്ള ധൈര്യം നമുക്കാവശ്യമാണ്. കാലുകൾ ആമത്തിലിട്ട് പൂട്ടി, ചങ്ങലകളാൽ ബന്ധിക്കപ്പെട്ട്, തടവറയുടെ ഇരുട്ടിൽ അടയ്ക്കപ്പെട്ട പൗലൊസിന്റെയും ശീലാസിന്റെയും മനോഭാവമാണ് നമുക്കാവശ്യം. അവർ പാടി ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടേയിരുന്നു (അപ്പൊ. 16:19-34) അന്ധകാരം നിറഞ്ഞ തടവറയ്ക്കുള്ളിലും ജീവിച്ചു തുടങ്ങാനുള്ള ധൈര്യം അവർക്കു നൽകിയത് അവർക്കുള്ളിലുണ്ടായിരുന്ന ദൈവിക വെളിച്ചമായിരുന്നു. റാൽഫ് വാൽഡോ എമേഴ്സൺ ഇത് തിരിച്ച റിഞ്ഞയാളായിരുന്നു. അദ്ദേഹം പറയുന്നു "നമ്മുടെ ഉള്ളിലുള്ളതുമായി താരതമ്യപ്പെടുത്തുമ്പോൾ; നമുക്ക് പിന്നിലും നമുക്ക് മുന്നിലുമുള്ളതുമൊക്കെ വളരെ നിസ്സാരമായവയാണ്. നമ്മുടെയുള്ളിലെ ദൈവബോധമാണ് ജീവിക്കു വാൻ നമ്മെ പ്രാപ്തീകരിക്കുന്നത്. തേനീച്ചയോടു ചോദിച്ചു. "നീ കഷ്ടപ്പെട്ട് ശേഖരിക്കുന്ന തേൻ ആളുകൾ എടുത്തുകൊണ്ട് പോകുമ്പോൾ നിനക്ക് സങ്കടം തോന്നാറില്ലേ? തേനീച്ചയുടെ മറുപടി ഇപ്രകാരമായിരുന്നു: "ഞാൻ ശേഖരിച്ച തേൻ മാത്രമല്ലേ അവർക്ക് എടുക്കാൻ കഴിയൂ. തേൻ ശേഖരിക്കുന്നതിനുള്ള എന്റെ കഴിവിനെ അവർക്ക് എടുക്കാൻ കഴിയില്ലല്ലോ?" വീണ്ടും തേൻ ശേഖരിക്കാൻ എനിക്കു കഴിയും" തേനീച്ചയുടെ മനോഭാവം നമുക്ക് സ്വീകരിക്കാനാകുമോ? മോഹഭംഗങ്ങളുടെ ഇരുൾവീണ ഇടനാഴിയിൽപോലും പ്രത്യാശാനിർഭരമായി ജീവിക്കുവാൻ ദൈവബോധം നമ്മെ ധൈര്യപ്പെടുത്തും. ഇന്നു തന്നെ ജീവിച്ചു തുടങ്ങുകയും പൂർണ്ണതയിൽ ജീവിക്കുവാനും. അവൻ നമ്മെ പ്രാപ്തരാക്കും.

**2. സമ്പൂർണ്ണമായി ജീവിക്കുക** ( Live life fully)

പലരും ജീവിതത്തെ ഒരു ഇടവേളയാക്കുന്നവരാണ്. നിസ്സാരവും അവിവേകമായും ജീവിതത്തെ സമ്പൂർണ്ണതയിലേക്ക് കൈപിടിച്ചുയർത്തുന്നത്

ദൈവാനുഭവങ്ങളാണ്. "അവൻ സകലവും അതതിന്റെ സമയത്ത് ഭംഗിയായി ചെയ്തു'' (സഭാ 3:11) എന്നു സാക്ഷിക്കുവാനുള്ള വിനയമാണ് ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ നമ്മെ ധൈര്യപ്പെടുത്തുന്നത്. ഇന്നത്തെ ജീവിതം അതിന്റെ പൂർണ്ണതയിൽ ജീവിക്കാനാവുകയാണ് വേണ്ടത്. നാളെക്കായി ജീവിക്കുന്നവരും, ആരോഗ്യം കളഞ്ഞ് ധനമുണ്ടാക്കാനായി ജീവിക്കുന്നവരും, മാതാപിതാക്കളെ പ്പോലും ഉപേക്ഷിച്ചുകൊണ്ട് സ്വന്തം കാര്യം നേടാനായി ഓടിനടക്കുന്നവരും ജീവിക്കുന്നേയില്ല എന്ന തിരിച്ചറിവാണ് നമുക്കുണ്ടാകേണ്ടത്. അല്പകാലം മാത്രമുള്ള ഈ ജീവിതത്തിൽ , കുടുംബാംഗങ്ങളോടൊപ്പവും സമൂഹത്തിനു നന്മചെയ്തുകൊണ്ടും ജീവിക്കുകയാണ് വേണ്ടത്. ഒരുപാട് പണം മക്കൾക്കുവേണ്ടി കൂട്ടിവയ്ക്കുന്നതിനെക്കാൾ ആവശ്യത്തിനുമാത്രം സമ്പാദിക്കയും ഓരോദിവസവും ജീവിതപങ്കാളിയോടും മക്കളോടും വാർദ്ധക്യ മാതാപിതാക്കളോടും ആനന്ദപൂർണ്ണമായും സ്നേഹബന്ധങ്ങൾ വളർത്തിയും കൂട്ടായ്മ ബന്ധങ്ങളെ പരിപോഷിപ്പിച്ചും, ജീവിതത്തെ സമ്പൂർണ്ണമാക്കുകയാണ് ദൈവഹിതം. ജീവിതംതന്നെ ഒരു ദൗത്യമാക്കിത്തീർക്കുകയാണ്. നമുക്ക് ചെയ്യാൻ കഴിയുന്നത്. ഓരോ ജിവസവും 100 ശതമാനം ജീവിക്കുക. ഇന്ന് 60 ശതമാനം മാത്രം ജീവിച്ചിട്ട് നാളെ 40 ശതമാനം ജീവിക്കാൻ നമുക്കാവില്ല! സാഹചര്യങ്ങൾ പ്രതികൂലമാണെന്നു പരാതിപ്പെട്ട് ഒതുങ്ങിയിരിക്കുകയോ ഒഴിവായിപ്പോകുകയോ, വിട്ടുകളയുകയോ ചെയ്യാൻ നമുക്കാവില്ല. സഖായിയെപ്പോലെ അല്പംകൂടി പരിശ്രമിക്കാൻ നമുക്കാവണം. മുന്നിലേയ്ക്കോടി അത്തിമരത്തിന്മേൽ കയറിയപ്പോൾ, അവൻ യേശുവിനെയും യേശു അവനെയും കാണുന്നു. കാരാഗൃഹത്തിലടയ്ക്കപ്പെട്ട പൗലൊസും ശീലാസും ചെയ്തതുപോലെ ഒരു നിമിഷംപോലും പാഴാക്കാതെ ദൈവബോധത്തിലായിരിരക്കാൻ നമുക്കാവണം. യേശുവിന്റെ വാക്കുകൾ നമുക്ക് പ്രചോദനമാകണം. ''അവർക്കു ജീവനുണ്ടാകുവാനും, സമൃദ്ധി യുണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്" (യോഹ. 10:10). സമൃദ്ധിയായ ജീവനുവേണ്ടയുള്ള പരിശ്രമങ്ങൾ നമ്മുടെ ഭാഗത്ത് ഉണ്ടാകുമ്പോൾ ജീവിതം കാര്യഗൗരവത്തോടെ ജീവിക്കുവാൻ നാം പ്രാപ്തരാകുന്നു.

**3. കാര്യഗൗരവത്തോടെ ജീവിക്കുക** (Live the life seriously)

"ജീവിതത്തിന്റെ 10 ശതമാനം നിങ്ങൾക്ക് സംഭവിക്കുന്നവയും 90 ശതമാനം അവയോടു നിങ്ങൾ എങ്ങനെ എപ്രകാരം പ്രതികരിക്കുന്നു എന്നുള്ളതുമാണ്" ചാൾസ് സാർ സിൻഡലിന്റെ ഈ വാക്കുകൾ നമ്മെ ചിന്തിപ്പിക്കുന്നവയാണ്. നമുക്ക് സംഭവിക്കുന്നവ ജീവിതത്തിന്റെ വെറും 10 ശതമാനം മാത്രമാണ് എങ്കിലും അവയോടുള്ള പ്രതികരണമാണ് നമ്മുടെ ജീവിതത്തെ നിയന്ത്രി

ക്കുന്നത്. നമ്മുടെ പ്രതികരണങ്ങൾക്ക് വളരെയെധികം പ്രസക്തിയുണ്ട്. അവ നമ്മുടെ മനോഭാവത്തെയും പ്രവർത്തനങ്ങളെയും സ്വാധീനിക്കുന്നു. ഒരു പക്ഷേ, ചുറ്റുമുള്ള വ്യക്തികളോടും വസ്തുക്കളോടും നാം സ്വീകരിക്കുന്ന നിലപാടുകളും ഇത്തരത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. എങ്ങനെയെങ്കിലും ജീവിച്ചു തീർക്കേണ്ടതല്ല നമ്മുടെ ജീവിതമെന്ന തിരിച്ചറിവാണ് പ്രധാനം. ഈ ജീവിതം എഴുപതോ ഏറെയായാൽ എൺപതോ വർഷം നീളുന്നതാണെന്ന സങ്കീർത്തനക്കാരന്റെ വാക്കുകൾ (സങ്കീ. 90:10) നമ്മിലുണ്ടാകേണ്ട ജീവിതത്തോടുള്ള മനോഭാവത്തെ വിചിന്തനം ചെയ്യാൻ പ്രചോദിപ്പിക്കുന്നവയാണ്. സ്വന്തകാര്യം മാത്രം നോക്കുന്നവരായി പോകാതെ ചുറ്റമുള്ള സഹജീവികളുടെ നന്മയും ദൈവസൃഷ്ടിയുടെ സമഗ്രമായ ഉന്നമനവും ലക്ഷ്യമാക്കി ജീവിക്കാനുള്ള കാര്യഗൗരവം നമ്മിൽ ഉണ്ടാവണം.  ദൈവവുമായുള്ള കണ്ടുമുട്ടലുകൾ നമ്മെ അതിനായി പ്രാപ്തീകരിക്കണം. തന്നെകണ്ട് ക്ഷണിച്ച യേശുവിനോടൊപ്പം വീട്ടിലേക്ക് നടക്കുമ്പോൾ സഖായിയിലുണ്ടാകുന്ന മാറ്റം ഇതിന് ഉദാഹരണമാണ്. വീട്ടിൽ വിരുന്നിന് ഇരിക്കുമ്പോൾ സഖായി യേശുവിനോട് പറയുന്നത് ശ്രദ്ധിക്കുക. ''കർത്താവേ, എന്റെ വസ്തുവക യിൽ പകുതി ഞാൻ ദരിദ്രർക്ക് കൊടുക്കുന്നുണ്ട്. വല്ലതും ചതിവായി വാങ്ങീട്ടുണ്ടെങ്കിൽ നാല് മടങ്ങ് മടക്കികൊടുക്കുന്നു." യേശുവിനെ കണ്ടുമുട്ടിയപ്പോൾ ചുറ്റുമുള്ളവരെ ഗൗരവമായി സമീപിക്കാനും താൻ അതുവരെ സമ്പാദിച്ചതും തനിക്കുള്ളതും അവരുമായി പങ്കുവയ്ക്കുവാനുള്ള തീരുമാനം സക്കായിലുണ്ടാകുന്നു. കൂട്ടിവയ്ക്കുവാനുള്ളതല്ല, പങ്കിടുവാനുള്ളതാണ് സമ്പത്ത് എന്ന ഗൗരവപൂർണ്ണമായ തന്റെ തീരുമാനം ആ നിമിഷം നടപ്പിൽ വരുത്തുകയാണ് സക്കായി. എന്റെ ജീവിതം എനിക്കുവേണ്ടിയുള്ളതല്ല; മറ്റുള്ളവർക്കുവേണ്ടിയുള്ളതാണ് എന്ന ബോധ്യത്തിലേക്ക് ഉള്ള വളർച്ചയാണ് സക്കായിയിൽ കാണുന്നത്. അതുപോലെ കാരാഗൃഹത്തിൽ ഭൂകമ്പങ്ങളുണ്ടായി. ചങ്ങലകൾ അഴിഞ്ഞുവീണു വാതിലുകൾ തുറന്നപ്പോൾ, എല്ലാതടവുകാരും ഓടിപ്പോയിരിക്കും എന്നൂഹിച്ച് വാളൂരി സ്വയം കൊല്ലുവാൻ ഭാവിക്കുന്ന കാരാഗൃഹപ്രമാണിയോടു പൗലൊസ് ഉടൻ വിളിച്ചു പറയുന്ന വാക്കുകളും ശ്രദ്ധേയമാണ്. "നിനക്കു ഒരു ദോഷവും ചെയ്യരുത് ഞങ്ങൾ എല്ലാവരും ഇവിടെയുണ്ട്." (അപ്പൊ. 16:19-36). ജീവൻ നിലനിർത്തുന്നതിനുവേണ്ടിയുള്ള ഇടപെടലുകളാണ് ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്. ജീവിതത്തെ ഗൗരവപൂർവ്വം സമീപിക്കുകയാണ് പ്രധാനം. ഇന്നും പൗലോസിനെ നാം ഓർക്കുന്നതിനു കാരണം. മറ്റൊന്നല്ല യേശുവിൽ നാം കണ്ടതും ജീവന്റെ ഗൗരവപൂർണ്ണമായ സമീപനം തന്നെയായിരുന്നല്ലോ. ഖലിം ജിബ്രാൻ പറയുന്നു: ''നിങ്ങൾക്കുള്ള

*ശേഷം പേജ് 31 -ൽ കാണുക*

ലേഖനം

# കാലിന് ദീപവും പാതയ്ക്കു പ്രകാശവും പരത്തുന്ന നവവത്സരം

**ഡോ. ക്രിസ്റ്റൻസൺ ഇ. സാരസം**

പ്രത്യാശയുടെ പുത്തൻ പടവുകളിലേക്ക് ഒരു പുതിയ വർഷത്തെ വരവേറ്റു അതിൽ പ്രവേശിച്ചിരിക്കുന്ന നാം ഒരു പുതിയ പാതയിൽ സഞ്ചരിക്കുകയാണ്. ഓരോ പുതിയ വർഷവും ഓരോ പുതിയ ആരംഭമാണ്. ഓരോ പുതിയ ദിവസവും ഓരോ പുതിയ തുടക്കം തന്നെ ഉയർച്ചതാഴ്ചകളുടെ മദ്ധ്യേ തളരാതിരിക്കാൻ ദൈവം നമ്മെ ശക്തീകരിക്കും. ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ നിന്റെ ദൈവമായ യഹോവയുടെ ദൃഷ്ടി എപ്പോഴും അതിന്മേൽ ഇരിക്കുന്നു. (ആവർ. 11:12).

ഒരുനാളും കൈവിടില്ല

ഒരു നാളും ഉപേക്ഷിക്കില്ല

ഒരുനാളും മറക്കുകില്ല

എന്റെ യേശു എത്ര വിശ്വസ്തൻ...

നന്മയല്ലാതൊന്നും ചെയ്തിടാത്ത ദൈവം

കഴിഞ്ഞ വർഷത്തിന്റെ ആരംഭം മുതൽ അന്ത്യം വരെ കർത്താവ് നമ്മെ കരം പിടിച്ച് നടത്തി. “നന്മയും കരുണയും എന്റെ ആയുഷ്കാലമൊക്കെയും എന്നെ പിന്തുടരും ” (സങ്കീ. 23:6) എന്ന വാഗ്ദത്തംനമ്മുടെ ജീവിത്തിലുടനീളം ദൈവം നമുക്ക് നല്കിയിരിക്കുന്ന ഉറപ്പാണ്. കാരുണ്യവാനായ ദൈവം നമുക്ക് സുഖവും ബലവും ആരോഗ്യവും നല്കി ഇന്നാൾവരെ നമ്മെ കാത്തുസൂക്ഷിച്ചില്ലേ? എത്രയെത്ര അത്ഭുതങ്ങളും അതിശയങ്ങളും ആണ്. നാം അനുഭവിച്ചതു? നമ്മുടെ വാഹനയാത്രകളിൽ നമുക്ക് നേരിടേണ്ടിയിരുന്ന ആപത്തുകളിലും അനർത്ഥങ്ങളിലും ലഭിച്ച സ്വർഗ്ഗീയ സംരക്ഷണം ദുഃഖത്തിൽ ആശ്വാസം പ്രതിസന്ധിയിലും പ്രതികൂലത്തിലും വിടുതൽ, ഇവ അവർണനീയമാണ്. ദൈവം ആത്മധൈര്യം തന്നില്ലേ? ആത്മചൈതന്യം പകർന്നില്ലേ? നമ്മോടൊപ്പം ഓടിയവർ എത്രപേർ കാലയവനികയ്ക്കുള്ളിൽ മറഞ്ഞിരിക്കുന്നു. അനേകർ തങ്ങൾ ആഗ്രഹിച്ച പ്രകാരം ജയജീവിതം നയിക്കാൻ കഴിയാതെ വഴിമദ്ധ്യേ പട്ടുപോയി. പലവിധ മോഹനസ്വപ്നങ്ങളും കണക്ക് കൂട്ടലുകളും വച്ചു പുലർത്തിയവർ അക്കരെ നാട്ടിലേക്ക് പ്രയാണം ചെയ്തിരിക്കുന്നു. ദൈവത്തിന്റെ അനന്തമായ കൃപയാലല്ലേ, ജീവനുള്ളവരുടെ ദേശത്ത് ദൈവം നമ്മെ നിലനിർത്തിയിരിക്കുന്നത്? “യഹോവ എനിക്ക് ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ എന്തു പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രം എടുത്ത് യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും” (സങ്കീ.

116:12,13)

ജീവിത്തിൻ മേടുകളിൽ

ഏകനെന്ന് തോന്നിയപ്പോൾ

ധൈര്യം നല്കി;

വചനം നല്കി;

നടത്തിയ വിധങ്ങൾ ഓർത്താൽ

നന്നിയേകീടാതിരുന്നീടുമോ?...

കരുതലോടെ കാക്കും കർത്തൃകരങ്ങളിൽ

പുത്താണ്ടിന്റെ നാൾവഴികളിലൂടെ നാം യാത്ര ചെയ്യുമ്പോൾ നമ്മുടെ കഴിഞ്ഞകാല ജീവിതത്തിലെ തിക്താനുഭവങ്ങൾ ചിന്തിച്ച് മനസ്സിനെ പുണ്ണാക്കരുത്.

വർഷാരംഭത്തിൽ നിരവധി ഭാരങ്ങൾ നാം ചുമക്കുന്നുണ്ടാകും. രോഗത്താൽ വ്യാകുലപ്പെടുന്നുവോ? സ്നേഹിക്കാൻ ആരുമില്ലെന്ന് തോന്നുന്നുവോ? ഒറ്റപ്പെട്ട അവസ്ഥയിലോ? പ്രിയപ്പെട്ടവരുടെ വിയോഗത്താൽ നിങ്ങൾ ദുഃഖിച്ചിരിക്കുന്നുവോ? സ്ഥാനമാനങ്ങൾ നഷ്ടപ്പെട്ടോ? മറികടക്കാനാവാത്ത പ്രതിസന്ധിയിലോ? നിങ്ങളുടെ ഭർത്താവ് / ഭാര്യ നിങ്ങളെ ഉപേക്ഷിച്ചുപോയോ? ഒരേ കൂരക്കീഴിൽ കൈവിടപ്പെട്ടു കഴിയുന്നുവോ? വാർദ്ധക്യത്തിൽ നിങ്ങളുടെ മക്കൾ നിങ്ങളെ കരുതാതെ ജീവിക്കുന്നുവോ? ഉദ്യോഗത്തിലെ സമ്മർദ്ദങ്ങൾ നിങ്ങളെ കാർന്നു തിന്നുന്നുവോ? അയൽബന്ധം ഉലഞ്ഞുപോയോ? കൂട്ടായ്മക്കാർ അവഗണിച്ചോ? സ്വന്തം ശുശ്രൂഷകൾ എല്ലാം ശുഷ്കിച്ചുപോയോ? സാമ്പത്തിക കടബാധ്യതയോ? മക്കളെക്കുറിച്ചുള്ള ആകുലതയോ? എല്ലാം ഉണ്ടെങ്കിലും സമാധാനവും സ്വസ്ഥതയും ഇല്ലയോ? നിങ്ങളുടെ സകല ചിന്താകുലവും യേശുവിനെ ഭരമേല്പിപ്പിൻ. "തകർന്നും നുറുങ്ങിയും ഇരിക്കുന്ന ഹൃദയത്തെ ദൈവം നിരസിക്കുകയില്ല" (സങ്കീ 51:17). പൗലൊസ് അപ്പൊസ്തലന്റെ ജീവിതാനുഭവം നമുക്ക് പ്രചോദനം നല്കുന്നു. "പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിനായി ആഞ്ഞുംകൊണ്ട് ക്രിസ്തു യേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു"(ഫിലി. 3:14). തിരുവചന ധ്യാനം, പ്രാർത്ഥന എന്നിവ കൂടുതൽ ശക്തമാക്കണം.

കുടുംബസമേതമുള്ള നമ്മുടെ കൂട്ടായ്മയും ആരാധനയും മന്ദീഭവിച്ചുപോയിട്ടുണ്ടെങ്കിൽ നമ്മുടെ യാഗപീഠത്തിന്റെ അറ്റകുറ്റപണികൾ പൂർത്തിയാക്കുന്ന സന്ദർഭമാണിത്. കൃത്യനിഷ്ഠ, കാര്യക്ഷമത, സമയം, താലന്ത്, വിഭവങ്ങൾ എന്നിവയിലെ കാര്യവിചാരകത്വവും പരിപാലനവും നാം ശ്രദ്ധാപൂർവ്വം പുനഃക്രമീകരിക്കണം. അതിലൂടെ നവവത്സരം അനുഗ്രഹപൂർണമാക്കാം.

**പരിശുദ്ധാത്മ ശക്തിയാൽ തീരുമാന നിവർത്തീകരണം**

ഈ പുതിയ വർഷത്തിൽ നിരവധി തീരുമാനങ്ങൾ നാം

എടുത്തിട്ടുണ്ടാവും. അത് മനസ്സിൽ കൊണ്ടുനടന്നാൽ പോരാ, പ്രവർത്തി പദത്തിൽ എത്തണം. “യഹോവ തന്നെ നിനക്കു മുമ്പായി നടക്കുന്നു” (ആവർ. 31:8). ചിത്രകലയിൽ പ്രാവീണ്യമുള്ള ജിം ഒരിക്കൽ ഒരു ചിത്രം വരക്കാൻ തുടങ്ങി. വരച്ചു പൂർത്തിയാക്കിയപ്പോൾ അവന്റെ അമ്മ തന്റെ മുറിയിലേക്ക് കയറിവന്നു. മനോഹരമായ ചിത്രം, പക്ഷേ, അമ്മ അസ്വസ്ഥയായി നോക്കി നിന്നു. മോനോടു അമ്മ: “മോനേ, പൂച്ചയുടെ വാൽ എവിടെ? ” അവന് ഉത്തരം മുട്ടി. ഒരു നിമിഷത്തെ ആലോചനയ്ക്ക് ശേഷം അവൻ പറഞ്ഞു: “വാൽ മഷിക്കുപ്പിയിൽ ഉണ്ട്.” വാൽ വരക്കാൻ പോകുന്നതേയുള്ളൂ എന്നാണ് അവൻ പറഞ്ഞതിന്റെ പൊരുളെങ്കിലും, അവൻ അത് വിട്ടുപോയി എന്നതാണു സാരം. ഇതുപോലെയാണ് നമ്മിലനേകരുടെ അഭിലാഷങ്ങളും തീരുമാനങ്ങളും. നമ്മുടെ ഉള്ളിലും മനസ്സിലും മാത്രം നിലകൊള്ളുന്നകയാണ്. പോരാ, ഒരു കാര്യവും നാം മറ്റൊരു സമയത്തേക്ക് മാറ്റിവയ്ക്കരുത്. അപ്പോഴപ്പോൾ ചെയ്യേണ്ടതും അന്നന്നു നിർവ്വഹിക്കേണ്ടതും ഒരിക്കലും നീട്ടിവയ്ക്കരുത്. “സമയത്തിലും അസമയത്തിലും ഒരുങ്ങിനിൽക്ക” (2 തിമൊ. 4:2). “പിശാചിന് ഇടം കൊടുക്കരുത്” (എഫെ. 4:27). “ ആത്മാവിനെ അനുസരിച്ചു നടപ്പിൻ” (ഗലാ. 5:16).

**ഓർമ്മ പുതുക്കുന്ന അവസരം**

“പണ്ടുള്ള പൂർവ്വകാര്യങ്ങളെ ഓർത്തുകൊൾവിൻ, ഞാനല്ലാതെ വേറൊരു ദൈവവുമില്ല” (യശ. 46:9) കഴിഞ്ഞ തലമുറകളെ വിശ്വസ്തതയോടെ നടത്തിയ ദൈവത്തിങ്കലേക്കും, അവർ അനുവർത്തിച്ച വിശ്വാസ പാതകളിലേക്കുമുള്ള മടങ്ങിപ്പോക്കാണു നമുക്ക് ഇന്നാവശ്യമായിരിക്കുന്നത്. സ്മരണകളും വിസ്മൃതിയും ജീവിതത്തിൽ ആവശ്യമാണ്. തള്ളേണ്ടത് തള്ളണം; കൊള്ളേണ്ടത് കൊള്ളണംകഴിഞ്ഞ വർഷത്തിലൂടനീളം ദൈവം നല്കിയ നന്മകളെ ഓർത്ത് ദൈവത്തിനു സ്തോത്രം അർപ്പിക്കണം.

ഇന്നയോളം എന്നെ നടത്തി

ഇന്നയോളം എന്നെ പുലർത്തി

എന്റെ യേശു എത്ര നല്ലവൻ

അവൻ ഇന്നും എന്നും മതിയായവൻ..

നന്ദിയോടെ ഞാൻ സ്തുതി പാടിടും

നവവത്സര ആരംഭത്തിൽ സഭയിലെ എല്ലാ സംഘടനകളിലും പുതിയ ഭാരവാഹികൾ ചുമതലകൾ ഏൽക്കുകയാണല്ലോ. പുത്തൻ ഉണർവ്വിന്റെയും പുനഃപ്രതിഷ്ഠയുടെയും നാളുകൾ. നമ്മുടെ ഇളം തലമുറയെ ദൈവോന്മുഖാക്കാൻ തിരുവചന പഠനത്തിന് വേദിയൊരുക്കുന്ന എം. എം. ചർച്ച് സൺഡേസ്കൂളിൽ 1968 മുതൽ 2018 വരെ തുടർച്ചയായി കഴിഞ്ഞ 50 വർഷക്കാലം അദ്ധ്യാപകനായി ശുശ്രൂഷ അർപ്പിക്കാൻ ദൈവം എനിക്കു കൃപ പകർന്നുതന്നു. കർത്താവിന് വ്യക്തിപരമായി നന്ദിയർപ്പിക്കുന്ന ഈ സന്ദർഭത്തിൽ എന്റെ ഓർമ്മയുടെ ചെപ്പിൽനിന്ന് സൺഡേസ്കൂൾ

അദ്ധ്യാപകവൃത്തിയിലെ ചില വസ്തുതകൾ പങ്കുവയ്ക്കട്ടെ:-

**സൺഡേസ്കൂൾ അദ്ധ്യാപകവൃത്തി**

പ്രൈമറി തുടങ്ങി സൂപ്പർ സീനിയർ ഗ്രേഡ് വരെയുള്ള ഇംഗ്ലീഷ്/ മലയാളം ക്ലാസുകളിലെ കുട്ടികൾക്ക് നേതൃത്വം നല്കാൻ അവസരം ലഭിച്ചു. അഞ്ചു പതിറ്റാണ്ടിൽ നമ്മുടെ സഭയെ ശുശ്രൂഷിച്ച അച്ചന്മാർ, സൺഡേസ്കൂൾ സെക്രട്ടറിമാർ, അദ്ധ്യാപകവൃന്ദം എന്നിവർക്കൊപ്പം തിരുവചന വ്യാപന പരിപോഷണത്തിൽ പങ്കുചേർന്നു.

